# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2408 — 08.05.2017 ലെ മറുപടിയ്ക്ക്

## ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിന്റെ വികസനം

| ചോദ്യം<br>**ശ്രീ. പി. ഉണ്ണി** | | ഉത്തരം<br>**പ്രൊ.സി.രവീന്ദ്രനാഥ്**<br>**(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിന്റെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ; | (എ) & (ബി) | ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ഉൾപ്പെടെയുള്ള എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെയും പൊതുവായ വികസന പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള ബഡ്ജറ്റ് ഫണ്ട് 2016-17 ൽ അനുവദിച്ചിരുന്നു. ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിന്റെ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് 7 കോടി 30 ലക്ഷം രൂപ അനുവദിച്ചു. ഈ പ്രവൃത്തിയ്ക്കായി പി.ഡബ്ല്യു.ഡി. ഡിപ്പാർട്ട്മെന്റ് ടെണ്ടറുകൾ ക്ഷണിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ടുകൾ വിനിയോഗിച്ച് ഫാക്കൽറ്റികൾക്കും വിദ്യാർത്ഥികൾക്കുമുള്ള പരിശീലന പരിപാടികൾ നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഫർണിച്ചറുകൾ വാങ്ങുന്നതിന് ആകെ 31,07,327/-രൂപയും കമ്പ്യൂട്ടറുകൾക്കായി 26,62,200/- രൂപയും ഇ-ജേണൽസ് വാങ്ങുന്നതിനായി 17,60,367/- രൂപയും കായിക ഉപകരണങ്ങൾക്കായി 4,82,500/- രൂപയും പ്രൊജക്ടർ വീഡിയോവാൾ തുടങ്ങിയ ഉപകരണങ്ങൾക്ക് 35,48,963/- രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. ചെറിയ അറ്റകുറ്റപണികൾക്കായി 10 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | 2016-17 വർഷത്തെ ബഡ്ജറ്റിൽ ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിനായി അനുവദിച്ച പദ്ധതികളുടെ വിശദാംശം നൽകാമോ; ഓരോന്നിന്റെയും പ്രവർത്തനങ്ങളെ സംബന്ധിച്ച കാലികസ്ഥിതി വിശദീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ